കല്പറ്റ മുൻസിഫ് കോടതി മുമ്പാകെ

ഹാജർ : ശ്രീ. ഒ. കൊച്ചനുജൻ നമ്പൂതിരിപ്പാട്, എം. എം., ബി. എൽ., മുൻസിഫ്

1987 മാർച്ചു മാസം 9-ാം തിയതി തിങ്കളാഴ്ച

<u>ആദ്യ അന്യായം നമ്പർ. 368/1985.</u>

| | |
|---|---|
| എൻ. ബാദുഷ, ഖാൻസ മകൻ, 35 വയസ്സ്, നായ്ക്കട്ടി. പി. ഒ., സുൽത്താൻബത്തേരി.<br><br>2. കെ. വി. ജനാർദ്ദനൻ, പാച്ചുക്കുട്ടി മകൻ, 35 വയസ്സ്, എസ്കെ കോർപ്പറേഷൻ അക്കൗണ്ടന്റ്, കല്പറ്റ. | അന്യായക്കാർ. |
| 1. കേരളാ സ്റ്റേറ്റിനുവേണ്ടി ചീഫ് സെക്രട്ടറി, ഗവൺമെന്റ്, തിരുവനന്തപുരം.<br><br>2. ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, (വൈൽഡ് ലൈഫ്) ഓഫീസ് ഓഫ് ദി സി. സി. എഫ്., വഴുതക്കാട്, തിരുവനന്തപുരം.<br><br>3. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, നോർത്തേൺ സർക്കിൾ, ഓഫീസ് ഓഫ് ദി കൺസർവേറ്റർ, ഓഫ് ഫോറസ്റ്റ്, സിവിൽ സ്റ്റേഷൻ പി. ഒ. കോഴിക്കോട്.<br><br>4. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ടി. ഡിവിഷൻ, കോഴിക്കോട്, സിവിൽസ്റ്റേഷൻ പി. ഒ. കോഴിക്കോട്. | പ്രതികൾ. |

ഈ അന്യായം 1987 മാർച്ചു മാസം 2-ാം തിയതി അന്യായക്കാർക്കു വേണ്ടി ഹാജരായ അഭിഭാഷകൻ ശ്രീ. സി. സി. മാത്യുവിന്റേയും, പ്രതികൾക്കു വേണ്ടി ഹാജരായ സർക്കാർ വക്കീൽ ശ്രീ കെ. പി. ഉസ്മാന്റേയും സാന്നിദ്ധ്യത്തിൽ എന്റെ മുമ്പാകെ അന്ത്യവിചാരണക്കു വരികയും 1987 മാർച്ചു മാസം 9-ാം തിയതി താഴെ കാണും പ്രകാരം തീർപ്പു കല്പിക്കുകയും ചെയ്തിരിക്കുന്നു.

<u>വിധിന്യായം.</u>

1. കാട്ടാനകളെ പിടിക്കാൻ വേണ്ടി കുഴിച്ച എല്ലാ വാരിക്കുഴികളും തൂർക്കാനും 11.1.1985 -ൽ സുൽത്താൻ ബത്തേരി ഫോറസ്റ്റ് റെയിഞ്ചിൽ വെച്ചു പിടിച്ച ആനക്കുട്ടിയെ സ്വതന്ത്രമാക്കി കാട്ടിലേക്കു വിട്ടയക്കാനും പ്രതികളെ നിർദ്ദേശിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ള ഒരു അന്യായമാണ് ഇത്.

2. <u>അന്യായ പ്രസ്താവനകൾ താഴെകാണും പ്രകാരമാകുന്നു.</u>:-

സുൽത്താൻ ബത്തേരി ഫോറസ്റ്റ് റെയിഞ്ച് അയൽസംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട്, എന്നിവയുടെ സർക്കാർ വനങ്ങളുമായി തൊട്ടുകിടക്കുന്നു. ഇവ രാഷ്ട്രത്തിന്റെ സസ്യജാലങ്ങളാലും പ്രാണിജാലങ്ങളാലും സമ്പന്നമാണ്. മന:സാക്ഷിയില്ലാത്ത സർക്കാർ ഉദ്യോഗസ്ഥൻമാരും ജനങ്ങളും അവരുടെ സ്വാർത്ഥലാഭത്തിനു വേണ്ടി വിവേചനാശൂന്യമായി ഈ സംപന്നവനത്തെ നശിപ്പിച്ചു കൊണ്ടിരിക്കയാണ്. വനസംപത്തിനെ ഇങ്ങനെ വിവേകശൂന്യമായി നശിപ്പിക്കുന്നതിനെ തടയാൻ വേണ്ടി

കേന്ദ്ര സർക്കാർ സുൽത്താൻ ബത്തേരി ഫോറസ്റ്റ് റേയിഞ്ച് അടക്കം ഉള്ള ഈ വനഭാഗങ്ങൾ വനസംരക്ഷിത മേഖലയായി പ്രഖ്യാപിക്കുകയും ഈ സ്ഥലങ്ങളിൽ നായാട്ട്, വെടിവയ്പ്, കെണിവച്ചു പിടിക്കൽ, പക്ഷി മൃഗാദികളേയും മത്സ്യത്തേയും കുരുക്കിലാക്കുക, വെള്ളത്തിൽ വിഷം കലർത്തുക എന്നിവ ചെയ്യുന്നതിനെ വിലക്കിയിട്ടുമുണ്ട്. 1979 ആഗസ്റ്റ് മാസത്തിൽ കേരളം ഉൾപ്പെടെ ഉള്ള ചില സംസ്ഥാനങ്ങളിൽ നിന്ന് ആനപിടുത്തം നിരോധിക്കേണ്ടതാണെന്ന് വന്യജീവി ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. ഇപ്രകാരം പ്രഖ്യാപനം ചെയ്യുന്നതിനു് മുൻപു് കേരള സർക്കാർ അനേകം വാരിക്കുഴികൾ കാട്ടാനകളെ പിടിക്കാൻ വേണ്ടി കാടുകളിൽ കുഴിച്ചിട്ടുണ്ടായിരുന്നു. 11.1.'85_നു് ഇത്തരം കുഴികളിൽ ഒന്നിൽ ഒരു ആനക്കുട്ടി വീണു. രണ്ടു മുതൽ ആറു കൂടിയ പ്രതികൾ മറ്റു ഉദ്യോഗസ്ഥന്മാരുടേയും പണിക്കാരുടെയും സഹായത്തോടെ ഈ ആനക്കുട്ടിയെ കുഴിയിൽ നിന്ന് കയറി ആനപ്പന്തിയിൽ ഇട്ടു ഗുരുതരമായ പരുക്കേല്പിച്ചും മറ്റും അതിനെ മെരുക്കാൻ ശ്രമിച്ചു. ഹൃദയഭേദകമായ ഈ വാർത്ത എല്ലാ പ്രാദേശിക പത്രങ്ങളിലും പ്രസിദ്ധീകരിച്ചിരുന്നു. 1-ാം പ്രതിയായ സർക്കാർ വന്യജീവി സംരക്ഷണത്തിന് വലിയൊരു തുക ചിലവാക്കുകയും ജീവകാരുണ്യ പരങ്ങളായ സംഘടനകൾക്കു് പ്രചോദനവും സാമ്പത്തിക സഹായവും നൽകുകയും ചെയ്യുംപോൾ അതേ സർക്കാർ തന്നെ അതിന്റെ കീഴ്ഉദ്യോഗസ്ഥൻമാരെ കൊണ്ട് നിഷ്കളങ്കയും അഴകാർന്നതുമായ ഈ ആനക്കുട്ടിയെ മൃഗീയമായി ആക്രമിക്കാനും അനുവദിച്ചിരിക്കുന്നു. ആനയെ കെണിയിട്ടു പിടിക്കാൻ നിയമവിരുദ്ധവും സമൂഹത്തിന്റെ താല്പര്യത്തിനു് എതിരും ആകയാൽ പ്രതികൾ ഈ വാരിക്കുഴികളെല്ലാം നികത്തി ഈ ആനക്കുട്ടിയെ സ്വതന്ത്രമായി വിടയക്കേണ്ടതായിരുന്നു. സ്ഥലവാസികൾ നിവേദനങ്ങളിലൂടെയും പത്രദ്വാരയും ഈ ആനക്കുട്ടിയെ വിടയക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ സർക്കാർ അതു ചെയ്തില്ല. അതുകൊണ്ടു് വ്യവഹാരത്തിന് കാരണമായി. പ്രതികളുടെ ഈ തെറ്റായ പ്രവർത്തി പൊതുജനങ്ങളെ ബാധിക്കുന്നതുകൊണ്ട് ഇക്കാര്യത്തിനു് കോടതിയെ സമീപിക്കാൻ അന്യായക്കാർക്കു് അവകാശമുണ്ടു്. സിവിൽ നടപടി നിയമം 80-ാം വകുപ്പിൽ അനുശാസിച്ച വിധം അന്യായക്കാർ നോട്ടീസ് അയച്ചിട്ടുണ്ടു്. എന്നിട്ടും അതിലെ ആവശ്യം നിർവ്വഹിക്കപ്പെട്ടിട്ടില്ല.

3. <u>പത്രിക താഴെ കാണും പ്രകാരമാകുന്നു</u>:- അന്യായം നിയമപ്രകാരം നിലനില്ക്കത്തക്കതല്ല. പ്രതികൾ ചെയ്ത പ്രവർത്തികൾ ജീവിയെ മരണത്തിൽ നിന്ന് രക്ഷപ്പെടുത്തന്നതാനുള്ള സദുദ്ദേശത്തോടുകൂടി ചെയ്തതാണു്. വന്യ ജീവിത സംരക്ഷണ

നിയമം 60-ാം വകുപ്പു പ്രകാരം അന്യായം നിലനിർക്കത്തക്കതല്ല. സുൽത്താൻ ബത്തേരി റെയിഞ്ചിൽ വനസംപത്ത് നശിപ്പിക്കാൻ പ്രതികൾ ഒന്നും ചെയ്തിട്ടില്ല. നിലനിർത്തുവാനുള്ള ഉദ്ദേശം മാത്രമാണുള്ളതു്. വനത്തിനോ വന്യമൃഗങ്ങൾക്കോ എന്തെങ്കിലും ദോഷം സംഭവിക്കുന്നതിനെ തടയുന്നതിനു് വനം വകുപ്പു് എപ്പോഴും ജാഗരൂകമാണു്. വെടിവെയ്ക്കാനോ, നായാട്ടിനോ കെണിയിൽ വീഴ്ത്താനോ വലയിട്ടു പിടിക്കാനോ മറ്റോ യാതൊരു സമ്മതിദാന പത്രവും മേപ്പടി നിയമത്തിന്റെ വകുപ്പുകളിൽ കൊടുക്കുന്നില്ല. ആനപിടുത്തം സംസ്ഥാനത്തു് നടത്തുന്നില്ല. മുൻകാലങ്ങളിൽ ആനകളെ പിടിക്കാൻ ഉപയോഗിച്ച കുഴികൾ ഇപ്പോഴും തുറന്നു കിടക്കുന്നു. ആനകളെ പിടിക്കാൻ വേണ്ടി ഇവയെ തുറന്നിട്ടതല്ല. യഥാർത്ഥത്തിൽ തുറന്ന കുഴികളെ കെണികളായി കണക്കാക്കാവുന്നതല്ല. മൂടിയ ഒരു കുഴിമാത്രമേ കെണി ആകുന്നുള്ളു. അന്യായത്തിൽ പ്രസ്താവിച്ച ആനക്കുട്ടി തുറന്ന ഒരു കുഴിയിൽ യാദൃച്ഛികമായി വീണതാണു്. അതിനു് പരിക്കേൽക്കുകയും ചെയ്തിരുന്നു. ചികിൽസനടത്താതെ അതിനെ വനത്തിലേയ്ക്കു തിരിച്ചയച്ചാൽ അതിന്റെ നിലനില്പിനുള്ള സാദ്ധ്യത വളരെ വിദൂരമാകുമായിരുന്നു. ഈ ഒരു കാര്യം കൊണ്ടാണു് അതിനെ ആനപന്തിയിലേയ്ക്കു കൊണ്ടു വന്നു് ചികിത്സിച്ചതു്. ഒരു വന്യ മൃഗമായതുകൊണ്ടു് കൂട്ടിലിടാതെ ചികിൽസിക്കാനും വയ്യ. ഈ ആനക്കുട്ടി ഇപ്പോൾ ആരോഗ്യവതിയാണു്. അതിനെ കൂട്ടിൽനിന്നു് പുറത്തേയ്ക്കു കൊണ്ടു വന്നിരിക്കുന്നു. മറ്റു താപ്പാനകളുടെ കൂടെ വിഹരിക്കാനും മേയാനും അതിനെ അനുവദിച്ചിരിക്കുന്നു. ഈ കുഴികൾ നികത്തുവാൻ ഉള്ള അഭിപ്രായമുണ്ടു്. കാലക്രമത്തിൽ അതുകൊണ്ടു് കുഴിയിൽ നിന്നുള്ള അപകടം കുറഞ്ഞു വന്നേക്കും. എന്നാൽ കുഴികൾ മൂടാൻ ഭീമമായ ചിലവുണ്ടാകും. കൂടാതെ വൃക്ഷലതാദികൾ നശിക്കാനും ഇടവരും. അന്യായക്കാർക്കു് ഈ കേസ്സിൽ ശരിയായ സങ്കടം ഇല്ല.

4. താഴെ കാണുന്ന തർക്കവിഷയങ്ങളാണു് രൂപീകരിച്ചിട്ടുള്ളതു്.

   1. അന്യായം നില നിൽക്കത്തക്കതാണോ ?.
   2. ഒരു നിർദ്ദേശ ~~ആജ്ഞ~~ ഉത്തരവു് ലഭിക്കാൻ അന്യായക്കാർക്കു് അവകാശമുണ്ടോ?
   3. കോടതി ച്ചിലവിനെക്കുറിച്ചുള്ള ഉത്തരവു് ?

5. അന്യായഭാഗവും പ്രതിഭാഗവും ഓരോ സാക്ഷികളെ വിസ്തരിച്ചു. അന്യായഭാഗം മൂന്നു പ്രമാണങ്ങൾ രേഖപ്പെടുത്തി. ഇരുഭാഗത്തേയും വാദം കേട്ടു.

6. <u>തർക്കവിഷയം ; 1:-</u> ഈ വ്യവഹാരത്തിൽ ഞങ്ങൾക്കു് പ്രത്യക്ഷമായ സങ്കടമുണ്ടു് എന്നു് ബോദ്ധ്യപ്പെടുത്താൻ അന്യായക്കാർക്കു് സാധിച്ചിട്ടില്ല. എല്ലാ

സിവിൽ കേസ്സുകളും അധികാര നിരോധം ഇല്ലാത്ത പക്ഷം ഒരു സിവിൽ കോടതി വിചാരണ ചെയ്യണം എന്നാണു് സിവിൽ നടപടി നിയമം 9-ാം വകുപ്പിൽ നിന്നു് മനസ്സിലാക്കേണ്ടതു്. ഒരു സിവിൽ വ്യവഹാരം എന്നു വച്ചാൽ വസ്തുവിനെ സംബന്ധിച്ചോ സ്ഥാനത്തെ സംബന്ധിച്ചോ ഉള്ള വ്യവഹാരമാണു് എന്നാണു് വിശദീകരണത്തിൽ നിന്നു് മനസ്സിലാക്കേണ്ടതു്. ഇതു് ഒരു പൊതു താല്പര്യ വ്യവഹാരമാണു് എന്ന കാര്യത്തിൽ തർക്കമില്ല. ഒരു പൊതു ശല്യത്തെക്കുറിച്ചോ പ്രഖ്യാപനത്തിനും××നിർദ്ദേശ×ങ്ങൾക്കും അഥവാ പൊതു ജനത്തെ ബാധിക്കാവുന്നതായ തെറ്റിനെ സംബന്ധിച്ചോ പ്രഖ്യാപനത്തിനും നിർദ്ദേശങ്ങൾക്കും അഥവാ മറ്റു നിവർത്തികൾക്കും വേണ്ടി ഒരു അന്യായം കോടതിയുടെ അനുവാദത്തോടുകൂടി രണ്ടോ അതിലധികമോ ജനങ്ങൾക്കു് ചേർന്നു് ബോധിപ്പിക്കാവുന്നതാണു് എന്നു് സിവിൽ നടപടി നിയമം 91-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നു. ഈ വകുപ്പിന്റെ 1977-ലെ ഭേദഗതി മൂലം ഇതിനു് വളരെയധികം വൈപുല്യമുണ്ടു് എന്നു് അന്യായഭാഗം അഭിഭാഷകൻ ബോധിപ്പിക്കുന്നു. എന്നാൽ സിവിൽ നടപടി നിയമം കേസ്സുകൾ നടത്തുന്നതിനെക്കുറിച്ചുള്ള വ്യവസ്ഥകൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു നിയമമാണു്. കേസ്സു് നടത്താനുള്ള അവകാശങ്ങളെ അതു് ഒരു കക്ഷിക്കു നൽകുന്നു. വേറൊരു അർത്ഥത്തിൽ പറഞ്ഞാൽ ഒരു നടപടി നിയമം മാർഗ്ഗമാണു്, ലക്ഷ്യമല്ല. /ഏതെങ്കിലും നിയമം മൂലമോ അല്ലെങ്കിൽ നിയമത്തിന്റെ അടിസ്ഥാനത്തിലോ അല്ലെങ്കിൽ വ്യക്തികളുടെ പ്രവർത്തികൾ മൂലമോ ആർക്കെങ്കിലും ലഭിക്കുന്ന അവകാശം പ്രബലപ്പെടുത്തുവാനുള്ളതാണു്. നിയമനിയമപ്രകാരം ഒരു അവകാശമില്ലെങ്കിൽ നടപടി നിയമം കൊണ്ടു മാത്രം കാര്യമൊന്നുമില്ല. സുവ്യക്ത നിവർത്തി നിയമം 41-ാം വകുപ്പു പ്രകാരം അന്യായക്കാരനു് വ്യക്തിപരമായ താർപ്പര്യമൊന്നും ഇല്ലാത്ത പക്ഷം ഒരു ഇഞ്ചങ്ക്ഷൻ കൊടുക്കാവുന്നതല്ല. ഇതിൽ അന്യായക്കാരനു് നഷ്ടകഷ്ടങ്ങൾ ഒന്നുമില്ല. പൊതുജനങ്ങളുടെ ഒരു പ്രതിനിധി എന്ന നിലയ്ക്ക് വന സംപത്തുക്കൾ നശിച്ചുപോകുന്നതിൽ അന്യായക്കാർക്കു് ദുഃഖമുണ്ടാകാം. എന്നാൽ നിയമത്തിന്റെ കണ്ണിൽ അതു പോരാ. അന്യായക്കാർക്കു് വ്യക്തിപരമായി താല്പര്യമുണ്ടാകണം. അങ്ങനെ ഒരു താല്പര്യം ഈ വ്യവഹാരത്തിലില്ല. അതുകൊണ്ടു് ഈ അന്യായം കൊണ്ടു വരാൻ അന്യായക്കാർ അനർഹരാണെന്നു് കാണേണ്ടിയിരിക്കുന്നു.

7. 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണം) നിയമം 60-ാം വകുപ്പു് ഇപ്രകാരമാകുന്നു:-

60(1) സദുദ്ദേശത്തോടുകൂടി ഈ നിയമപ്രകാരം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ യാതൊന്നിന്റെ പേരിലും കേന്ദ്രസർക്കാറിന്റെയോ സംസ്ഥാന സർക്കാറിന്റെയോ ജീവനക്കാരുടെ പേരിൽ സിവിൽ ആയോ ക്രിമിനൽ ആയോ കേസ്സുകൾ നില നിൽക്കുകയില്ല.

(2) ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സദുദ്ദേശത്തോടുകൂടി ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ കാര്യത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്കോ ജീവനക്കാർക്കോ എതിരായി നഷ്ടപരിഹാര വ്യവഹാരം നിലനില്ക്കുകയില്ല.

ഈ വകുപ്പു പരിശോധിച്ചു നോക്കിയതിൽ ഒന്നാം ഉപ വകുപ്പിൽ ഒന്നിൽ കൊടുത്തിരിക്കുന്നതു ക്രിമിനൽ വ്യവഹാരത്തിനാണു്; 2-ാം ഉപ വകുപ്പിലാകട്ടെ നഷ്ട പരിഹാരത്തിനു്. ഇവ രണ്ടും ഇവിടെ പ്രസക്തമല്ല. ഒരു നിർദ്ദേശക ആജ്ഞക്കു വേണ്ടിയാണു് ഈ അന്യായം ; അല്ലാതെ പ്രതികളെ കുറ്റവിചാരണം ചെയ്യാനല്ല. അങ്ങിനെ നോക്കുംപോൾ ഈ വ്യവഹാരം വന്യജീവി (സംരക്ഷണം) നിയമത്തിലെ 60-ാം വകുപ്പു പ്രകാരം തടയപ്പെട്ടതായി കണക്കാക്കാവുന്നതല്ല.

8. മേൽപ്പറഞ്ഞ കാരണങ്ങളാൽ അന്യായക്കാർക്കു വ്യക്തിപരമായ താൽപര്യം ഇല്ലാത്തതുകൊണ്ടു് ഈ വ്യവഹാരം നില നില്ക്കത്തക്കതല്ലെന്നു് കോടതി കാണുന്നു.

9. <u>തർക്കവിഷയം. 2:-</u> വിചാരണക്കോടതി എല്ലാ തർക്കവിഷയങ്ങളിലും തീർപ്പു കല്പിക്കുന്ന പക്ഷം കേസ്സ് അപ്പീൽ കോടതിയിൽ നിന്നും മടക്കി അയക്കേണ്ട സാഹചര്യം വരുമായിരുന്നില്ല എന്നു് കേരളാ ഹൈക്കോടതിയിലെ ബാലകൃഷ്ണ ട്രേഡിംഗ് കോർപ്പറേഷനും കൃഷ്ണ കുറുപ്പും തമ്മിലുള്ള വിധിന്യായത്തിൽ (1969 കെ.എൽ.റ്റി. 855) പറഞ്ഞിരിക്കുന്നതുകൊണ്ടു് ഒന്നാമത്തെ തർക്കവിഷയം അന്യായക്കാർക്കു പ്രതികൂലമായിരുന്നിട്ടും ഈ തർക്കവിഷയത്തിനും ഒരു തീർപ്പെടുക്കാൻ ഞാൻ ശ്രമിക്കുകയാണു്. കേരളത്തിൽ ആന പിടുത്തം നിരോധിച്ചിരിക്കുന്നു എന്നു് അന്യായം 4-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുണ്ടു്. അന്യായം നാലാം ഖണ്ഡികയിലെ പ്രസ്താവന നിഷേധിക്കുന്നതായി പത്രിക നാലാം ഖണ്ഡികയിലും പറഞ്ഞിട്ടുണ്ടു്. അപ്പോൾ അന്യായം നാലാം ഖണ്ഡികയിൽ ആന പിടുത്തം നിരോധിച്ചിരിക്കുന്നു എന്നുള്ള പ്രസ്താവന ~~നിഷേധിക്കുന്നതായി~~ തെളിയിക്കേണ്ടതായി അന്യായക്കാരുടെ ചുമതലയായി വരുന്നു എന്നാൽ ~~പത്രിക നാലാം ഖണ്ഡികയിലും പറഞ്ഞിട്ടുണ്ടു്. അപ്പോൾ~~ അന്യായ പ്രസ്താവനപ്രകാരം വന്യ ജീവി ബോർഡു് ആനപിടുത്തം നിരോധിക്കാൻ ശുപാർശ ചെയ്തു എന്നു മാത്രമേ മനസ്സിലാകുന്നുള്ളു. ആനപിടുത്തം യഥാർത്ഥത്തിൽ നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു കാരണമെന്താണു് എന്നീ ചോദ്യങ്ങൾക്കു കോടതിക്ക് ശരിയായ ഉത്തരം ലഭിച്ചിട്ടില്ല. യഥാർത്ഥത്തിൽ ആനപിടുത്തം നിരോധിച്ചിട്ടില്ലെങ്കിൽ അന്യായ പ്രകാരമുള്ള

നിവർത്തി അസംഗമ്യി തീരുന്നു. ആനപിടുത്തം നിരോധിച്ചിരിക്കെ വക്രവൃതിയാ ആനയെ പിടിക്കരുതു് എന്നാണു് അന്യായക്കാരുടെ ആവശ്യം. ആന പിടുത്തം നിരോധിച്ചിട്ടുണ്ടെന്നു് തെളിവു വരാത്ത സ്ഥിതിക്കു് വക്രവൃത്തിയാ ആനപിടുത്തം നടക്കുന്നുണ്ടോ എന്നതു് ഒരു പ്രശ്നമല്ലാതായി തീർന്നിരിക്കുകയാണു്.

10. വന്യജീവി (സംരക്ഷണം) നിയമം 6-ാം വകുപ്പുപ്രകാരം വന്യജീവി ഉപദേശക സമിതി രൂപീകരിക്കാവുന്നതാണു്. 8(ഡി) വകുപ്പുപ്രകാരം ഈ സമിതിക്കു് സർക്കാർ ആവശ്യപ്പെടുന്ന ഏതു വിഷയത്തിലും ഉപദേശം നൽകാവുന്നതാണു്. കേരളത്തിൽ ഇങ്ങിനെ ഒരു വന്യജീവി ഉപദേശക സമിതി നിലവിലുണ്ടോ, ഉണ്ടെങ്കിൽ അതു് ആനപിടുത്തത്തെ സംബന്ധിച്ചിടത്തോളം വല്ല ഉപദേശവും നല്കിയിട്ടുണ്ടോ എന്നൊന്നും വ്യക്തമല്ല. കേരളത്തിൽ ആനപിടുത്തം നിശ്ശേഷം നിരോധിക്കേണ്ടതുണ്ടോ, ഉണ്ടെങ്കിൽ അന്യായത്തിൽ പ്രസ്താപിച്ച പ്രകാരം വാരിക്കുഴികളെല്ലാം തൂർക്കേണ്ടതുണ്ടോ എന്നീ പ്രശ്നങ്ങൾ വന്യജീവി ഉപദേശക സമിതിയുടെ ഉപദേശത്തിനുവേണ്ടി സർക്കാറിനു് സമർപ്പിക്കാവുന്നതാണു്. അല്ലെങ്കിൽ ഇത്തരം കാര്യത്തിൻമേൽ ഒരു കമ്മീഷനെ വച്ചു് സമഗ്രമായ ഒരു അന്വേഷണം നടത്താവുന്നതുമാണു്. ഇക്കാര്യം സർക്കാറിനുതന്നെ വിട്ടുകൊടുക്കുന്നു.

11. ബത്തേരി ഫോറസ്റ്റു് റെയിഞ്ചിൽ തന്നെ നൂറോളം വാരിക്കുഴികളുണ്ടെന്നു് തെളിവിൽ വന്നിട്ടുണ്ടു്. കേരളത്തിലൊട്ടാകെ എത്ര വാരിക്കുഴികളുണ്ടെന്നു് തെളിവു് വന്നിട്ടില്ല. ഏതായാലും ഇവ നികത്താൻ ഭീമമായ ചിലവു് ഉണ്ടാകും എന്നു വ്യക്തമാണു്. ഈ ചിലവു് ധനശാസ്ത്രപരമായി ന്യായീകരിക്കാവുന്നതാണോ എന്ന കാര്യം സർക്കാറിന്റെ നയരൂപീകരണാധികാരത്തിനുള്ളിൽപ്പെടുന്ന ഒരു കാര്യമാണു്. അപ്പോൾ ഒരു നിരോധനാജ്ഞ നൽകിയാൽ സർക്കാറിന്റെ സാംപത്തിക ത്രാണിയെ സംബന്ധിച്ചിടത്തോളം ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്. കൂടാതെ കാലക്രമത്തിൽ കുഴികൾ നികത്താൻ തയ്യാറാണെന്നു് സർക്കാർ പത്രികയിൽ ബോധിപ്പിച്ചിട്ടുമുണ്ടു്.

12. 11.1.'85 നു് പിടിച്ച ആനക്കുട്ടിയെ കാട്ടിലേയ്ക്കു് വിടയക്കേണ്ടതുണ്ടോ എന്നതാണു് അടുത്ത പ്രശ്നം. വീണ സമയത്തു് ആനക്കുട്ടിയ്ക്കു് പരിക്കു പറ്റിയിരുന്നു എന്നും ഇപ്പോൾ അതെല്ലാം ചികിത്സിച്ചു് മാറി എന്നും തെളിവു് വന്നിട്ടുണ്ടു്. കൂടാതെ ഈ ആനക്കുട്ടി ഇപ്പോൾ മെരുങ്ങി കഴിഞ്ഞിരിക്കുന്നു. അങ്ങിനെ ഇരിക്കുംപോൾ ഈ ആനക്കുട്ടിയെ കാട്ടിലേയ്ക്കു് തന്നെ തിരിച്ചയച്ചാൽ അന്യായക്കാരുടെ മാനസിക സംതൃപ്തിക്കപ്പുറം എന്തൊരു നേടമാണു് ഉണ്ടാകാൻ പോകുന്നതു് എന്നു് വ്യക്തമല്ല. ആനയെ പിടിക്കുന്നതും മെരുക്കുന്നതും ക്രൂരതയാണു് എന്നു് കണക്കാക്കുന്ന പക്ഷം ആ ക്രൂരത നമ്മൾ

മറ്റു മൃഗങ്ങളോടും കാണിക്കുന്നില്ലേ ? അഹിംസയുടെ അടിസ്ഥാനത്തിൽ ആടുമാടുകളേയും കോഴിയേയും മറ്റും അറുക്കരുതു് എന്നൊരു നിരോധനാജ്ഞ കൊടുക്കാവുന്നതാണോ ? സർക്കസ്സിൽ പീഡനമില്ലേ ? മനുഷ്യൻ നൈസർഗ്ഗികമായി ഒരു കൊലയാളിയാണു് എന്നു് എച്ചു. ജി. വെൽസു് പറഞ്ഞിട്ടുണ്ടു്. ജീവകാരുണ്യം വേണ്ട എന്നല്ല ഇതിനർത്ഥം. കൊമ്പിനു വേണ്ടി കാട്ടാനകളെ വെടിവച്ചു വീഴ്ത്തുംപോൾ ഈ നിഷ്കളങ്കയും കൗതുകപ്രദയും ആയ ആനക്കുട്ടിയെ കാട്ടിലേയ്ക്കു തന്നെ വിട്ടയയ്ക്കണം എന്നാവശ്യം നീതീകരിയ്ക്കാവുന്നതല്ല.

13. മേല്പറഞ്ഞ കാരണങ്ങളാൽ ഈ തർക്കവിഷയവും അന്യായക്കാർക്കു് എതിരായി കാണുന്നു.

14. തർക്കവിഷയം 3:- കേസിന്റെ സാഹചര്യങ്ങൾ കണക്കാക്കുംപോൾ ഇരു കൂട്ടരോടും താന്താങ്ങളുടെ ചിലവു വഹിക്കാൻ നിർദ്ദേശിക്കുന്നതാണു് നല്ലതു് എന്നു് തോന്നുന്നു.

15. ഫലത്തിൽ അന്യായം ചിലവു കൂടാതെ നീക്കുന്നു.

(കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റിനു് പറഞ്ഞുകൊടുത്തു് ടിയാൾ ചുരുക്കെഴുത്തിൽ എഴുതിയെടുത്തു് ടൈപ്പു് ചെയ്തു് ഞാൻ തെറ്റു തിരുത്തി 1987 മാർച്ചു മാസം ൯-ാം തിയതി കോടതിയിൽ പരസ്യമായി പ്രഖ്യാപിച്ചതു്).

മുൻസിഫ്.

<u>അന്യായക്കാരന്റെ രേഖകൾ:</u>

| | | | |
|---|---|---|---|
| എ.1. | - | 24.4.85 | പെറ്റിഷന്റെ ൽ രജിസ്ട്രേഡു് കോപ്പി. |
| എ.2. | - | .. | പോസ്റ്റൽ അക്നോളജ്മെന്റു്. |
| എ.2.(എ) | - | .. | ടി. |
| എ.2.(ബി) | - | .. | ടി. |
| എ.2.(സി) | - | .. | ടി. |
| എ.2.(ഡി) | - | .. | ടി. |
| എ.2.(ഇ) | - | .. | ടി. |
| എ.3. | - | 13.1.85 | മാതൃഭൂമി ദിനപ്പത്രം. |

CA 486/87
18 sheets



എ.3. (എ) - 5..2..1985 കേരള കൗമുദി ദിനപ്പത്രം.

എ.3. (ബി) - 17..2..1985 മാതൃഭൂമി വാരാന്തപ്പതിപ്പ്.

<u>പ്രതികളുടെ രേഖകൾ ;</u> ഇല്ല.

<u>അന്യായക്കാരന്റെ സാക്ഷികൾ ;</u>

പി.ഡബ്ളിയു.1. - കെ.വി.ജനാർദ്ദനൻ.

36

<u>പ്രതികളുടെ സാക്ഷികൾ :</u>


ഡി.ഡബ്ളിയു.1. - കെ. ഗോപാലകൃഷ്ണൻ.

മുൻസിഫ്.


ജെ.ജി.

ആദ്യ അന്യായം നം.പർ.368/85.

തീയതി : 9..3..1987.




CF Rs: 11/-




True Copy

EXAMINER

Munsiff Court, Kalpetta

1. Year and number of the suit or other proceedings OS 368/85
2. Name of applicant Adv. C.C. Mathew
3. Number and date of the applicant CA 286/09, 10.07.09.
4. Date of calling for Stamp papers 16.07.09.
5. Date of production of Stamp papers 17.07.09
6. Date of calling for additional papers —
7. Date of production of additional papers —
8. Date when copy were ready 24.07.09.
9. Date notified for appearance to receive the copy 29.07.09.
10. Date when copy was delivered 29.7.09

EXAMINER.

തലശ്ശേരി മുൻസിഫ് കോടതി മുമ്പാകെ.

മുൻസിഫ്: ശ്രീ. ടി. കെ. ചന്ദ്രൻ നമ്പൂതിരിപ്പാട്, എം.എ. ബിഎൽ മുൻസിഫ്.

1987 മാർച്ച് മാസം 9-ാം തിയ്യതി തിങ്കളാഴ്ച

അസ്സൽ അന്യായം നമ്പർ 368/1985

1, എൻ. പൊന്നപ്പൻ, രാമൻ മകൻ, 35 വയസ്സ്, ടെയ്‌ലർ, പി.ഒ. സുൽത്താൻ ബത്തേരി –

2, ടി.വി. ജനാർദ്ദനൻ, ചാത്തുക്കുട്ടി മകൻ, 35 വയസ്സ്, ഫ്ലാറ്റ്. കെ. കോർട്ടേഴ്സിൽ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ.

— അന്യായക്കാർ.

VS.

1, കേരള സംസ്ഥാനത്തിനു വേണ്ടി, ചീഫ് സെക്രട്ടറി, കേരള സർക്കാർ, തിരുവനന്തപുരം.

2, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) പി.ടി.പി. നഗർ ഓഫീസ് വഴുതക്കാട്, തിരുവനന്തപുരം

3, ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി സർക്കിൾ സിവിൽ സ്റ്റേഷൻ പി.ഒ. കോഴിക്കോട്

(4, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, T. ഡിവിഷൻ, കോഴിക്കോട്. സിവിൽ സ്റ്റേഷൻ പി.ഒ. കോഴിക്കോട്

(5, ഫോറസ്റ്റ് റേഞ്ച് ഓഫീസർ, സുൽത്താൻ ബത്തേരി, കുപ്പാടി പി.ഒ. സുൽത്താൻ ബത്തേരി)

(6, വൈൽഡ് ലൈഫ് ഫോറസ്റ്റർ, സു. ബത്തേരി റേഞ്ച് പി.ഒ. കുപ്പാടി ... – പ്രതികൾ.

... പ്രതികൾ (വാദി) ...

എന്നീ പ്രതികളുമായുള്ള കേസ് 11-1-1985ൽ സുൽത്താൻ ബത്തേരി ഫോറസ്റ്റ് റേഞ്ചിൽ വച്ച് പിടിച്ച ആനക്കുട്ടിയെ സ്വതന്ത്രമാക്കി കാട്ടിലേക്ക് വിട്ടയക്കണം എന്ന് പ്രതികളെ നിർദ്ദേശിക്കണമെന്ന് അനുവദിച്ചുകൊണ്ടും, അന്യായക്കാരുടെ കോടതി ചെലവും പ്രതികളിൽ നിന്ന്

വ്യവഹാരകാരണം 11.1.85 ൽ ഒന്നാം
നമ്പർ പ്രതി ഈ കോടതി അന്യായക്കാരന്റെ മഹസ്സർ-
താൻ വെച്ചിരുന്ന ഓടം, താലൂക്കിൽ വച്ചു ഉണ്ടാ-
ക്കുകയും 23-9-85 ൽ അന്യായം ബോധിപ്പിക്കുകയും
31.10.85 ൽ ഫയലിൽ സ്വീകരിക്കാൻ ആജ്ഞാപിക്കുകയും
അനന്തരം ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

## മൂല്യവിവരം

ഇൻജംഗ്ഷൻ ഉത്തരവിന് മതിപ്പുവില – രൂപ 150/-

കോടതി ഫീസ് ക. റ. – രൂപ 150/-

കേ.കോ.ഫീ. സ്യൂട്ട് വാല്യൂ (~~27(c)~~ പ്രകാരം)

കേ.കോ.ഫീ. സ്യൂട്ട് വാല്യുവേഷൻ ആക്ടിന്റെ
27 (c) വകുപ്പു പ്രകാരം (ഫീ) – രൂപ 12/-

ഈ അന്യായം 1987 ൽ ... സാ.നം. 20 ആയി.
അന്യായക്കാർക്കുവേണ്ടി ഹാജരായ അഡ്വ. ... ...
ന്റെയും, പ്രതികൾക്കുവേണ്ടി ഹാജരായ അഡ്വക്കേ-
റ്റ് ശ്രീ കെ.വി. ഉണ്ണികൃഷ്ണന്റെയും വാദം കേട്ടതിനു ശേഷം
ഇന്നേ ദിവസം അന്യായം വിചാരണയ്ക്കു വരികയും, 1987 ൽ
...-ാം തീയതി ... ഈ കോടതി ... വിധിക്കു-
കയും ചെയ്തിരിക്കുന്നു.




CF Rs: 3/-

P.T.O.

(1) ദേവസ്വത്തിൽ നിന്ന് ന്യായമായ കാര്യങ്ങൾ ജോലിക്കാർ

ആയ് അന്യായക്കാരൻ നടത്തുന്നത് നടത്തുന്ന

(2) ________, ഇരുപത്തഞ്ചും ക.ന. ജോലിക്കുള്ള

കോടതിച്ചെലവു വാദി തരേണ്ടതാണ്.

1987 ലെ 4-ാം മാസം ... തീയതി എന്റെ

കയ്യൊപ്പും കോടതി മുദ്രയും വെച്ചിരിക്കുന്നു

മുൻസിഫ്

അന്യായക്കാരന്റെ ടി.സി. കോടതി ചെലവു.

(അമ്പതി ചില്ലു - ചെലവു പതിനഞ്ചു രൂപ ...)

പ്രതികൾ ടി.സി. കോടതി ചെലവു

(അമ്പതി ചില്ലു - ചെലവു പതിനഞ്ചു രൂപ.)

വക്കീൽ ഫീസ് — രൂപ 50—00

സെർവീസ് ചാർജ്ജ് — രൂപ 5-00

ആകെ. 55-00

True copy

EXAMINER

മുൻസിഫ്

Munsiff Court, Kalpetta

1. Year and number of the suit or other proceedings OS 368/85
2. Name of applicant Adv. CC. Mathew.
3. Number and date of the applicant CA 286/09, 10.07.09.
4. Date of calling for Stamp papers 16.07.09.
5. Date of production of Stamp papers 17.07.09
6. Date of calling for additional papers —
7. Date of production of additional papers —
8. Date when copy were ready 24.07.09.
9. Date notified for appearance to receive the copy 29.07.09.
10. Date when copy was delivered 29.7.09

EXAMINER.

COURT FEE INDIA FIVE RUPEES — COURT FEE INDIA FIVE RUPEES — COURT FEE INDIA TWO RUPEES

C.F.R. 12/- Paid
23-9-85

IN THE COURT OF THE MUNSIFF, KALPETTA

O.S. 368 /85

Between :-

| | | |
|---|---|---|
| 1. N. Badusha S/o Khansa<br>aged 35 years,<br>Naikutty P.O.<br>S.Battery.<br><br>2. K.V. Janardhanan,<br>S/o Pachukutty<br>aged 35 years<br>accountant, Yeskay Corporation<br>Kalpetta. | ⁞ | Plaintiff |

And :-

| | | |
|---|---|---|
| 1. The State of Kerala,<br>represented by Chief<br>Secretary to Government<br>of Kerala, Trivandrum.<br><br>2. The Chief Conservator of<br>Forests (Wild life)<br>Office of the C.C.F<br>Vazhuthakad, Trivandrum.<br><br>3. Conservator of Forests,<br>Northern Circle<br>Office of the Conservator<br>of Forest, Civil Station P.O.<br>Calicut.<br><br>4. Divisional Forest Officer,<br>T - Division, Kozhikode<br>Civil Station P.O.<br>Calicut. | ⁞ | |

5. The Forest Range Officer,
Sultan's Battery Range
X P.O.Kuppadi, S.Battery.

6. The Live Stock Forester,
Sultan's Battery Forest Range
P.O.Kuppadi, S.Battery. . . . Defendants.

Plaint presented under section 26 Order 7 rule 1 r/w section 91 (1) (b) of the code of Civil procedure 1908.

1. Ist plaintiff is residing in Sultan's Battery Village and Taluk of Wynad District and 2nd defendants is residing in Kalpetta Village of Vythiri Taluk and Wynad District and the address for service of all notices and processes on the defendants are as shown above.

2. The address for service of all notices and processes on the defendants are as shown above.

3. Sultan's Battery Range of Reserve Forest contiguous to the Reserve Forest of Kaxx Karnataka and Tamilnadu was very rich in nations wealth of flora and fauna.

4. The unscruplous Government Officxxials and Public were destroying the rich reserve Forest for their private profit without any discrimination. To check the indescriminate destruction of the Forest wealth the Government of India was pleased to declare this part of the Reserve Forest including Sultan's Battery Forest range as wild life sanctuary and centre and State Governments prohibited hunting, shooting, trapping, and snaring of any animal, bird, or fish or poison water in the forest.

In August 1979 the India Board of wild life recommended that wild elephants should not be captured in Kerala and Certain other States (Vide letter No. 1.8.79 F R Y (W L) dated 4.8.79 of the Asst. Inspector General of Forests (W L) Government of India).

5. Prior to the declaration of this part of Reserve Forest as wild life sanctuary the Government of Kerala had dug several pits in side the forest to trap the wild elephants. On 11.1.85 an ~~wlw~~ elephant calf fell in one of the pits (Varikuzhi) and defendants 2 to 6 Officials of defendant No.1 with the help of other employees and labourers took the elephant calf out of the pit and lead to the cage infliction serious injuries and using cruel methods. The elephant calf was brutally tortured in the cage for taming the calf. The heart breaking news items of torture were published in all local news papers.

6. Ist defendant who is spending a huge amount for the protection of wild life and also financing and encouraging Societice for preventing cruetly to animal, through its own Officers have done brutal attack on the small lovely innocent elephant calf.

7. Since the elephant traping is against law and against the interest of the saciety the defendants ought to have filled the pits dug to ~~xx~~ trap the elephant and ought have sent free the elephant calf which fell in the pit.

8. The people of the locality through memorandum and through press reports demanded to let free the elephand calf. But the demand has not been complied with. Hence the ~~x~~ suit.

9. Since the wrong full acts done by the defendants are affecting the Public the plaintiffs have the right to move the Court for proper remedy.

10. The plaintiffs caused to be seved notice on the defendants u/s 80 of the code of Civil procedure 1908. But the demand was not complied with.

11. The cause of action for this suit arose 11,1,85 the date on which the elephant calf was trapped and ~~my~~ plaintiffs came to know about the trapping and existance of pits in the Reserve Forest ~~and~~ at Sultan's Battery Taluk of Wynad District with in the jurisdiction of this Hon'ble Court.

The Value of the Suit for the purpose of Court fee and jurisdiction is as shown below.

| | | |
|---|---|---|
| Value of the suit for the Manadatory injunctions | : | Rs. 150.00 |
| Value of the suit for Jurisdiction | | Rs. 150.00 |
| Court fee paid u/s 27(c) of the Kerala court fees and Suits valuation Act | : | Rs. 12.00 |

The plaintiff's Therefore pray that this Hon'ble Court may be pleased to pass a dcree:-

i) directing the defendants by mandatory injunctions to fill all the pits dug to trap the elephant (Varikuzhi) in the reserve forests of Kerala and the elephant calf trapped on 11.1.85 from Sultan's Battery fores range be sent free to the forest.

ii) awarding the cost of the plaintiffs in the suit.

iii) such other reliefs which the plaintiff may pray for and the Hon'ble Court may deem fit to grant

Dated this the 18th day of september 1985.

Advocate. Plaintiff's.

VERIFICATION:

We, N. Badusha S/o Khansa and K.V. Janardhanan S/o Pachukutty plaintiff's in the above case do herby declare that the statements in the plaint are true to the best of are knowledgeds in formation and belief.

Dated this the 18th day september 1985.

Plaintiffs.

## LIST OF DOCUMENTS

| Sl.No. | Date | Executed By Whom | Executed To Whom | Description | Purpase |
|---|---|---|---|---|---|
| 1 | 20.3.85 | Plaintiffs through C.C.Mathew, Advocate. | Defendants | Legal notice with postal receipts and acknowledgements | For Evidence |
| 2 | 13.1.85 | --- | -- | Mathrubhumi Daily | ... |
| 3 | 17.2.85 | --- | -- | ... | ... |
| 4 | 5.2.85 | | | Kerala Kaumudi | ... |

Copy of the document mentioned in para 5 of the plaint can be produced at the time of evidence

The above documents are produced herewith,

Dated this the 18th day of september 1985.

Advocate.

Presented on : 23.9.85 30/1/86

Mr. K.S. Narayana Iyer to act as amicus curiae. Call on 19/10/85

23/9/85

4736

IN THE COURT OF THE MUNSIFF, KALPETTA O.S. 368/85

O.S. ~~325~~ /85

Original Suit No. 368 of 1985.

31/10/85 I think suit can be taken on file

31/10/85

Between:

1. N. Badusha
2. K.V. Janardhanan } Plaintiff.

by C.C. Mathew Advocate S. Battery

MUNSIFF COURT,

O.S. 368 of 1985

31-10-85

30 — 1 — 1986

31-10-85

And:

1. State of Kerala represented by the chief secretary
2. The chief conservator of forests (wild life)
3. Conservator of forests Nothern circle
4. Divisional forest Officer T.Division
5. The forest Range Officer S.Battery Range
6. The Live Stock forester, Sultan's Battery Range. } Defendants

F. Supply 5-2-87

SUIT FOR MANDATORY INJUNCTION

Value : Rs. 150.00
C.F. paid : Rs. 12.00

Hg. 21-12-1985

Hg. 30-1-86

Dismissed




CF Rs: 9/-

20/9/85 I want to know whether the plaintiffs have a justiciable right in the matter. Hence put up for hearing. Request

~~OS 325~~/85

True Copy

EXAMINER

Munsiff Court, Kalpetta

1. Year and number of the suit or other proceedings OS 368/85
2. Name of applicant Adv. CC. Mathew.
3. Number and date of the applicant CA 286/09, 10.07.09.
4. Date of calling for Stamp papers 16.07.2009.
5. Date of production of Stamp papers 17.07.2009
6. Date of calling for additional papers ..........
7. Date of production of additional papers ..........
8. Date when copy were ready 24.07.2009.
9. Date notified for appearance to receive the copy 29.07.2009.
Date when copy was delivered 29.7.09.

EXAMINER.